DESPATCHED
On. 29/06/2020



03/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.520(4)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.12550/എസ്.ഐ.സി–ജി 2/2013)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സതീഷ് ചന്ദ്രൻ.എം.ആർ,
മാളിയേക്കൽ,
മരു: വടക്ക്, ആലുംകടവ് പി.ഒ,
കരുനാഗപ്പള്ളി, കൊല്ലം– 690 573. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കരുനാഗപ്പള്ളി നഗരസഭ,
   കരുനാഗപ്പള്ളി.
2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   കരുനാഗപ്പള്ളി നഗരസഭ,
   കരുനാഗപ്പള്ളി.

— എതിർക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.12.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.01.2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23.01.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.02.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13.03.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16.03.2019 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, 20.12.2018 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ order No. 1/AE/LSGD/18 dt. 07.11.2018 പ്രകാരം സ്റ്റോപ്പ് മെമ്മോ നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങളാണ് ചോദിച്ചിരുന്നത്. എട്ടു ചോദ്യങ്ങളടങ്ങുന്ന അപേക്ഷയിലെ ഒന്ന്, രണ്ട്, നാല്, അഞ്ച്, ആറ്, ഏഴ് എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും, അനുബന്ധ രേഖകളും ലഭിച്ചിട്ടില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 26.07.2019 ൽ കമ്മീഷൻ കൊല്ലം കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

3. ചോദ്യങ്ങൾക്കു പലതിനും കൃത്യമായ മറുപടിയല്ല ലഭിച്ചിരിക്കുന്നതെന്ന് അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി.

4. പരാതി ഫോൺ മുഖേന വരുമ്പോൾ ഫയലിൽ രേഖപ്പെടുത്താറില്ലെന്നും, ഫോൺ മുഖാന്തിരം പരാതി ലഭിച്ചാലും നടപടിയെടുക്കാറുണ്ടെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5. ഇരുകക്ഷകളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പല ചോദ്യങ്ങൾക്കുമുള്ള മറുപടിയിൽ നിന്ന് ഒഴിഞ്ഞുമാറുന്നതായാണ് കമ്മീഷന് മനസ്സിലാകുന്നത്. 1,2,4,6 എന്നീ ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നാണ് ഒന്നാം എതിർകക്ഷി മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഇത് എങ്ങനെയാണ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തത് എന്ന കാര്യം ഒന്നാം എതിർകക്ഷി തന്നെ വിശദമാക്കേണ്ടതുണ്ട്.

RIGHT TO INFORMATION

6. ഒന്നാം അപ്പീലധികാരിയായ രണ്ടാം എതിർകക്ഷിയും അപ്പീൽ തീർപ്പാക്കിയത് നിയമപരമായിട്ടല്ല. എന്തെങ്കിലുമൊക്കെ പറഞ്ഞ് അപേക്ഷകനെ വട്ടംചുറ്റിക്കുക എന്ന രീതിയാണ് നിർഭാഗ്യ വശാൽ എതിർകക്ഷികൾ സ്വീകരിച്ചിരിക്കുന്നത് എന്ന് പറയാതെ വയ്യ. അപ്പീൽ തീർപ്പാക്കി മറുപടി നൽകുന്നതിന്റെ നടപടിക്രമം പോലും മനസിലാക്കാതെയാണ് എതിർകക്ഷികൾ മറുപടി നൽകി യിരിക്കുന്നത്. ഇത് വിവരാവകാശ നിയമത്തോടും, അപേക്ഷക നോടും കാട്ടുന്ന നിരുത്തരവാദപരമായ നടപടിയായി മാത്രമേ കാണാനാവൂ.

7. ആയതുകൊണ്ട് ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അപ്പീൽ ഹർജിക്കാരന് കൃത്യവും പൂർണവുമായ വിവരങ്ങളും രേഖകളും പൂർണമായും സൗജന്യമായി ഒന്നാം എതിർകക്ഷി നൽകേണ്ടതാണ്. ഒപ്പം ഒന്നും രണ്ടും എതിർകക്ഷികൾ നിരുത്തര വാദപരമായി വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്തതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും മേല്പറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷനെ രേഖാമൂലം അറിയി ക്കേണ്ടതാണ്.

8. ഇപ്രകാരം അപ്പീൽ ഹർജി ഇന്നേദിവസം 03.03.2020ന് താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re

RIGHT TO INFORMATION